

# മുകുളം

2025-26

LITTLE KITES

# ആമുഖം

അധ്യാപനമികവും നൂതന സാങ്കേതികതയും ആരോഗ്യപരിപാലനവും നിറഞ്ഞുനിൽക്കുന്ന വിദ്യാലയം അന്തരീക്ഷത്തിൽ സംസ്കാരിക തനതായ വിദ്യാർത്ഥി സമൂഹത്തെ സമൂഹനന്മയ്ക്ക് തുടങ്ങുന്ന വിധത്തിൽ വാർത്തെടുക്കുക എന്നതാണ് സെൻട്രസ്റ്റിൻ വിദ്യാലയ കുടുംബത്തിന്റെ ഉദ്ദേശ്യം വൈവിധ്യമാർന്ന കുടുംബ സംസ്കാരിക പശ്ചാത്തല കുട്ടികളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന അന്തരീക്ഷം ഞങ്ങൾ നിലനിർത്തുന്നു

എല്ലാ വിദ്യാർത്ഥികളെയും അവരുടെ വ്യക്തിപരമായ മികച്ച നേട്ടങ്ങൾ കൈവരിക്കാനും അവരുടെ വൈകാരികവും സാമൂഹികവും ശാരീരികവുമായ ക്ഷേമം കെട്ടിപ്പടുക്കാനും ഈ വിദ്യാലയം പ്രാപ്തരാക്കുന്നു

# ചരിത്രത്താളുകളിലൂടെ

**കേരളത്തിന്റെ** സംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ നഗരത്തിന്റെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് സെന്റ് അഗസ്റ്റിൻ എച്ച്എസ്എസ്. 1944 ൽ ആരംഭിച്ച വിദ്യാലയത്തിന്റെ ആദ്യ പേര് രാജർഷി മെമ്മോറിയൽ യുപി സ്കൂൾ എന്നായിരുന്നു. അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയായിരുന്നു ആദ്യത്തെ ക്ലാസുകൾ. അതിനുശേഷം അപ്ഗ്രേഡേഷൻ വന്ന് പത്താം ക്ലാസ് വരെയായി. ദേവസി അക്കര ആയിരുന്നു സ്ഥാപകനും ആദ്യത്തെ ഹെഡ്മാസ്റ്ററും. രക്ഷാധികാരി ഷവലിയർ അഗസ്റ്റിൻ അക്കര ആയിരുന്നു.

1955 ന ശേഷം അഗസ്റ്റിൻ അക്കര ഹൈസ്കൂൾ എന്ന് പേര് നിലവിൽ വന്നു. ദേവസ്സി അക്കരയുടെ പിതാവായ ഷെവലിയാർ അഗസ്റ്റിൻ അക്കരയുടെ സ്മരണാർത്ഥമാണ് സ്കൂളിന് അഗസ്റ്റിൻ അക്കര എന്ന് പേര് നൽകിയത്. ഭാരതത്തിന്റെ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനം അതിന്റെ ഉച്ചസ്ഥായിയിൽ എത്തിനിൽക്കുന്ന കാലഘട്ടത്തിൽ 1944 ലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. രാഷ്ട്ര നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി നാട്ടുനീളെ നാട്ടുഭാഷാ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്ന കാലത്ത് തന്റെ സാമൂഹ്യ സേവനത്തിന്റെ ഭാഗമായി കൂടിയാണ് ശ്രീ അക്കര ദേവസി മാസ്റ്റർ ഈ വിദ്യാലയം സ്ഥാപിച്ചത്.

വിദ്യാലയത്തിന്റെ പഴയകാല ചിത്രം



\

2013 ശേഷം വിദ്യാഭ്യാസ വിദഗ്ധനും ക്രാന്തദർശിയുമായ പ്രൊഫസർ പി സി തോമസ് സാർ ഏറ്റെടുത്തതിനു ശേഷം ഇപ്പോൾ ഈ സ്കൂൾ മുന്നോട്ടു നയിച്ചു കൊണ്ടിരിക്കുന്നത് നിർമ്മല മാതാ എജ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾട്രസ്റ്റ്ആണ്.

വിദ്യാഭ്യാസത്തിനും സേവനത്തിനും മുൻതൂക്കം നൽകികൊണ്ട് 1994 ജൂലൈ 7-ാം തിയ്യതിയാണ് നിർമലമാത എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരണമായത്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും വിദ്യാഭ്യാസപരമായ വളർച്ചയെ മുന്നിൽ കണ്ടുകൊണ്ട് ഇന്ന് ലോകമെമ്പാടും പ്രവർത്തിച്ചുവരുന്ന S.A.B.S സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആണ് ഇന്ന് സെന്റ് അഗസ്റ്റിൻ വിദ്യാലയം മുന്നേറികൊണ്ടിരിക്കുന്നത്.



# വായനക്കുറിപ്പ്

വിശ്വവിഖ്യാതമായ മൂക്ക് വൈക്കം മുഹമ്മദ് ബഷീറിന്റെ ഏറ്റവും പ്രശസ്തമായ വിശ്വവിഖ്യാതമായ മൂക്ക് എന്ന  പുസ്തകമാണ് ഞാൻ ഇന്ന് വായിച്ചത്. ബഷീറിന് കൃതികൾ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥയാണിത്. ബഷീറിന്റെ എല്ലാ കൃതികളും നർമ്മപ്രധാനമുള്ളതാണ്. ഒരു കുശിനിക്കാരൻ കോടീശ്വരൻ ആകുന്നതാണ് കഥയുടെ ഉള്ളടക്കം. കുഞ്ഞുണ്ണി എന്നാണ് ആ കുശിനിക്കാരന്റെ  പേര്. കുഞ്ഞുണ്ണിക്ക് മൂക്കിപൊടി വലിക്കുന്ന ഒരു ശീലമുണ്ട്. അങ്ങനെ കുഞ്ഞുണ്ണിയുടെ മൂക്ക് ദിനംപ്രതി വളർന്നു കൊണ്ടിരിക്കുന്നു. അങ്ങനെ കുഞ്ഞുണ്ണി മൂക്ക് നാട്ടിൽ ഒരു ചർച്ചാവിഷയമായി. പക്ഷേ കുറെ പേർ അതിനെ എതിരെ നിന്നു. അത് വ്യാജ മൂക്കാണ് എന്ന് പറഞ്ഞു. അവസാനം മൂക്ക് മുറിച്ച് കളയുന്നത് വരെ എത്തി കാര്യങ്ങൾ. ഇപ്പോൾ സമൂഹത്തിൽ നടക്കുന്ന അഴിമതികളും യുക്തിയില്ലായ്മയും എല്ലാം ചൂണ്ടിക്കാണിക്കുന്ന ബഷീറിന്റെ വിശ്വവഖ്യാ മൂക്ക്. സാഹിത്യലോകത്തിന്റെ തീരനഷ്ടമായിരുന്നു ബഷീർ എന്ന മഹത് വ്യക്തിയുടെ വിയോഗം.

ആദി കേശവ്

# കണ്ണുകൾ പറയുന്ന രഹസ്യം

കണ്ണുകളിലൂടെ അനന്തമായി
വാക്കുകളില്ലാതെ പറയുന്ന
ഹൃദയസ്പർശിയായ കഥകൾ കണ്ണുകൾ
അവ നനഞ്ഞാൽ മഴ
അവ ചിരിച്ചാൽ പൂവ്
ഒരു നോട്ടം മതി
ഹൃദയങ്ങൾ തുറന്നു വായിക്കാൻ
നമ്മൾ മറച്ചുവയ്ക്കുന്ന അനവധി വികാരങ്ങൾ അറിയാൻ
മനുഷ്യനെ മനസ്സിലാക്കാൻ വാക്കുകൾ വേണ്ട ഒരു നിമിഷം
കണ്ണുകളിലേക്ക് നോക്കുക
സത്യങ്ങൾ അവിടെ തന്നെ

ആൻ മരിയ അന്തപ്

# വിദ്യാലയം

തളിർക്കുന്ന പൂക്കാലം കഴിയും

മുമ്പേ വിടരാതെപോയെൻ പൂക്കളും ഇന്ന് ഈ മുറ്റത്ത്

ഒരു വസന്തം തീർന്ന നേരം അമ്മതൻ

കൈകളേന്തി വന്നതും കരഞ്ഞും വാശിപിടിച്ചതും

എന്നും മനസ്സിൽ കിടപ്പുണ്ട്

നിവർന്നു കിടക്കും വരാന്തകൾ പിന്നീട് പിന്നിട്ടു പോയതും

അവസാനമായി കണ്ട ക്ലാസ് മുറിയും

ഇനി നിമിഷം എന്നുള്ളിൽ തെളിഞ്ഞു

വരുന്ന പ്രകാശമായ്

ഓരോ ദിനവും കഴിയുമ്പോഴും


അറിഞ്ഞിരുന്നില്ല ഞാൻ

ഈ കഴിയുന്നത് എൻ ജീവിതത്തിൽ

വിടരാത്ത പൂവാണെന്ന സത്യം

# ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് (Artificial Intelligence)

ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് (Artificial Intelligence) എന്നാൽ മലയാളത്തിൽ കൃത്രിമബുദ്ധി (Krithrimabuddhi) അല്ലെങ്കിൽ നിർമ്മിത ബുദ്ധി (Nirmitabuddhi) എന്നാണ് അർത്ഥമാക്കുന്നത്; ഇത് യന്ത്രങ്ങൾക്കും കമ്പ്യൂട്ടർ സംവിധാനങ്ങൾക്കും മനുഷ്യന്റെ ബുദ്ധിയെ അനുകരിച്ച് പഠിക്കാനും, യുക്തിപരമായി ചിന്തിക്കാനും, പ്രശ്നങ്ങൾ പരിഹരിക്കാനും, തീരുമാനങ്ങളെടുക്കാനും കഴിവു നൽകുന്ന സാങ്കേതികവിദ്യയാണ്. ഡാറ്റ ഉപയോഗിച്ച് സ്വയം പഠിക്കുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്ന കമ്പ്യൂട്ടിംഗ് സിസ്റ്റങ്ങളെയാണ് ഇത് പ്രധാനമായും സൂചിപ്പിക്കുന്നത്.



# കൃത്രിമബുദ്ധിയുടെ പ്രധാന ആശയങ്ങൾ:

അനുകരണം:

മനുഷ്യന്റെ പഠനം (learning), യുക്തി (reasoning), പ്രശ്നപരിഹാരം (problem-solving), ധാരണ (perception) തുടങ്ങിയ കഴിവുകളെ യന്ത്രങ്ങൾ ഉപയോഗിച്ച് പുനഃസൃഷ്ടിക്കുക.

ഉദാഹരണങ്ങൾ:

വോയിസ് അസിസ്റ്റന്റുകൾ (siri, Alexa), ചാറ്റ്ബോട്ടുകൾ (ChatGPT), ശുപാർശ സംവിധാനങ്ങൾ (recommendation systems), ഓട്ടോണമസ് വാഹനങ്ങൾ തുടങ്ങിയവ ഇതിന്റെ പ്രായോഗിക ഉദാഹരണങ്ങളാണ്.

പ്രവർത്തനം:
അൽഗോരിതങ്ങൾ, ഡാറ്റ, കമ്പ്യൂട്ടിംഗ് പവർ എന്നിവ ഉപയോഗിച്ച് മെഷീനുകൾക്ക് മനുഷ്യന്റെ ചിന്താ പ്രക്രിയകൾ ചെയ്യാൻ കഴിവു നൽകുന്നു.

ചുരുക്കത്തിൽ, മനുഷ്യരെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന 'ബുദ്ധിയുള്ള യന്ത്രങ്ങളെ' സൃഷ്ടിക്കുന്ന ശാസ്ത്രവും എഞ്ചിനീയറിംഗുമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അല്ലെങ്കിൽ കൃത്രിമബുദ്ധി.




ആർട്ടിഫിഷ്യൽ ഇൻ്റലിജൻസിൻ്റെ പിതാവ് ജോൺ മക്കാർത്തി (John McCarthy) ആണ്, കാരണം "Artificial Intelligence" (നിർമ്മിത ബുദ്ധി) എന്ന പദം ആദ്യമായി ഉപയോഗിച്ചത് അദ്ദേഹമാണ്, 1956-ൽ ഡാർട്ട്മൗത്ത് സമ്മേളനത്തിലൂടെ AI ഒരു പഠനശാഖയായി സ്ഥാപിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഇദ്ദേഹം ഒരു അമേരിക്കൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനായിരുന്നു, മറ്റ് പ്രമുഖരായ Alan Turing, Marvin Minsky, Allen Newell, Herbert A. Simon എന്നിവരോടൊപ്പം ചേർന്ന് എഐയുടെ സ്ഥാപകരിൽ ഒരാളായി കണക്കാക്കപ്പെടുന്നു.
ജോൺ മക്കാർത്തിയും AI-യും:

"Artificial Intelligence" എന്ന പദം: 1956-ൽ ഡാർട്ട്മൗത്ത് വർക്ക്ഷോപ്പിനായി ഈ പേര് നൽകി, AI എന്ന ആശയത്തിന് ഒരു ഔദ്യോഗിക തുടക്കം കുറിച്ചു.
പങ്ക്: കമ്പ്യൂട്ടർ ശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ, പ്രത്യേകിച്ച് AI മേഖലയിൽ, വളരെ വലുതാണ്.
മറ്റ് സ്ഥാപകർ: അലൻ ട്യൂറിംഗ്, മാർവിൻ മിൻസ്കി, അലൻ ന്യൂവൽ, ഹെർബർട്ട് എ. സൈമൺ എന്നിവരും ഈ രംഗത്തെ പ്രധാന വ്യക്തികളാണ്.
അദ്ദേഹത്തെ "പിതാവ്" എന്ന് വിളിക്കുന്നത് എന്തുകൊണ്ട്? കാരണം ഈ field-ന് പേര് നൽകുകയും അതിന് ഒരു ദിശ നൽകുകയുമാണ് ചെയ്തത്.

ചുരുക്കത്തിൽ, നിർമ്മിത ബുദ്ധിയുടെ (AI) പിതാവ് ജോൺ മക്കാർത്തിയാണ്, അദ്ദേഹം ഈ മേഖലയ്ക്ക് പേര് നൽകുകയും വളർച്ചയ്ക്ക് അടിത്തറയിടുകയും ചെയ്തു.

# സോഷ്യൽ മീഡിയ




അത് നാം കൊതിക്കുന്ന ഒന്നാണ്,
അതില്ലാതെ നമുക്ക് കഴിയുമോ?
ഒരു സ്ക്രീനിലെ പിക്സലുകളിൽ നാം
അപ്രത്യക്ഷരായിട്ടുണ്ടോ?
ഓരോ ദിവസവും നമ്മൾ സമയത്തിന്റെ സ്നാപ്ഷോട്ടുകൾ എടുക്കുന്ന
നമ്മുടെ ജീവിതം എങ്ങനെയായി?
നമ്മൾ കണക്ഷൻ ആഗ്രഹിക്കുന്നു, എന്നിട്ടും സോഫയിൽ കിടക്കുന്ന
നമ്മൾ സ്വൈപ്പ് ചെയ്യുകയും സ്ക്രോൾ ചെയ്യുകയും ക്ലിക്കുചെയ്യുകയും
നമുക്ക് ചുറ്റുമുള്ളവരെ മറക്കുകയും ചെയ്യുന്നു.

നിർത്ത്.

ഷെൽഫിലെ ബോർഡ് ഗെയിമുകളിൽ നിന്നുള്ള പൊടി തട്ടുക,
ഇന്റർനെറ്റ് ഇല്ലാതെ സുഹൃത്തുക്കളോടൊപ്പം ക്യാമ്പിംഗിന്
പോകുക,
Google-നേക്കാൾ, നിങ്ങൾക്ക് അറിയാവുന്ന ആരോടെങ്കിലും
ചോദിക്കുക,
നാം യഥാർത്ഥത്തിൽ നിന്ന് വഴുതിവീഴുകയാണ്.
ലോഹത്തിന്റെയും വൈദ്യുതിയുടെയും ഈ
ദീർഘചതുരങ്ങൾക്ക് അടിമ.



~ആൽഡിൻ ഡിക്രൂസ്

# ഒപ്പം ചിന്തിക്കുന്നത്

'ചിന്തിച്ച നിൽക്കുയോ
തലച്ചോറെ നീ നിന്റെ
ചിന്തയാൽ നീ മടുത്തു
പോകയോ '?
'എന്തെ നീ നിന്റെ പഴയ
പഠന കാലം മറന്നുപോയോ ?
അതോ അത്
ഓർക്കുന്നത്തതോ '?

'എന്തെ നീ സുവർണകാലം
ഓർക്കാത്തതു ?
എന്തേ നിന്റെ ഓർമ്മകൾ
വേഗം മായുന്നത് ?
വേഗം മറയുന്നതു?

Anindh N

# ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (Open Source Software - OSS)

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (Open Source Software - OSS) എന്നാൽ സോഴ്സ് കോഡ് (പ്രോഗ്രാമിൻ്റെ അടിസ്ഥാന ഭാഗം) ആർക്കും കാണാനും, ഉപയോഗിക്കാനും, മാറ്റം വരുത്താനും, വിതരണം ചെയ്യാനും സ്വാതന്ത്ര്യമുള്ള സോഫ്റ്റ്‌വെയറുകളാണ്; ഇത് സാധാരണയായി സൗജന്യമായി ലഭിക്കുകയും കൂട്ടായ്മകളിലൂടെ വികസിപ്പിക്കുകയും ചെയ്യുന്നു, ഉദാഹരണത്തിന് ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം. ഇതിൻ്റെ പ്രധാന ഗുണങ്ങൾ സുതാര്യതയും, വികസനത്തിലുള്ള പങ്കാളിത്തവും, ഉപയോക്താക്കൾക്ക് നിയന്ത്രണവും ആണ്.

## ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ: വിശദീകരണം

സ്വാതന്ത്ര്യം: സോഴ്സ് കോഡ് ലഭ്യമാക്കുന്നതിനാൽ, ഉപയോക്താക്കൾക്ക് സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കാനും, പഠിക്കാനും, മാറ്റങ്ങൾ വരുത്താനും, ഇഷ്ടമുള്ളതുപോലെ വിതരണം ചെയ്യാനും അവകാശമുണ്ട്.

സൗജന്യമായത് (Free) vs. സൗജന്യമായത് (Freeware): ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ പലപ്പോഴും സൗജന്യമായി ലഭിക്കുമെങ്കിലും (Freeware), 'സൗജന്യമായത്' (Free) എന്നത് ഉപയോഗത്തിനുള്ള സ്വാതന്ത്ര്യത്തെയാണ് സൂചിപ്പിക്കുന്നത്, പണത്തെക്കുറിച്ചല്ല (ചിലപ്പോൾ പണം നൽകേണ്ടി വരാം).

കൂട്ടായ്മ (Community): ലോകമെമ്പാടുമുള്ള ഡെവലപ്പർമാരുടെ കൂട്ടായ്മകളാണ് ഇവയുടെ വികസനത്തിന് പിന്നിൽ, ഇത് വേഗത്തിലുള്ള വികസനത്തിനും നൂതനമായ പരിഹാരങ്ങൾക്കും സഹായിക്കുന്നു.

ഉദാഹരണങ്ങൾ: Linux (ഉബുണ്ടു), Firefox, LibreOffice, WordPress എന്നിവ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾക്ക് മികച്ച ഉദാഹരണങ്ങളാണ്

# ഒരു കുടയും കുഞ്ഞു പെങ്ങളും

ബന്ധങ്ങളുടെയും സ്നേഹത്തിന്റെയും ആഴത്തെ വാക്കുകളിലൂടെ ലളിതമായും ഹൃദയസ്പർശിയായും അവതരിപ്പിക്കുന്ന ശ്രീ മുട്ടത്ത് വർക്കി രചിച്ച മനോഹരമായ നോവലാണ് ഒരു കുടയും കു ഞ്ഞു പെങ്ങളും. അമ്മയും അച്ഛനും ഇല്ലാത്ത സഹോദരങ്ങളായിരുന്ന ബേബിയും ലില്ലിയും ഇരുവരുടെയും സ്നേഹബന്ധത്തിന്റെ കലർപ്പില്ലാത്ത ആവിഷ്കാരമാണ് ഈ കൃതിയിലൂടെ നീളം നമുക്ക് കാണാൻ സാധിക്കുന്നത്. ബേബിയും ലില്ലിയും അമ്മയുടെ സഹോദരമായിരുന്ന താമസിച്ചിരുന്നത്. കലശലായ മഴ പെയ്യുകയായിരുന്ന ഒരു ദിവസം തന്റെ കുഞ്ഞിപെങ്ങൾ മഴ നനയുന്ന കണ്ട ബേബി അവളോട് ഗ്രേസി എന്ന കുട്ടിയുടെ കുടയിൽ കയറി സ്കൂളിലേക്ക് പോകാൻ പറയുന്നു. കുടയിൽ കയറ്റാമെന്ന് ചോദിച്ചില്ലേ ഗ്രേസ് ചീത്ത പറയുന്ന നാട്ടിലെ പണക്കാരി ആയിരുന്ന അവരുടെ വക ഭൂപ്രദേശത്ത് ആയിരുന്ന പേരമ്മയും താമസിച്ചിരുന്നത്.

പേരമ്മ എപ്പോഴും തല്ലുമായിരുന്ന വസ്തുങ്ങൾ പോലും അവൾക്കുണ്ടായിരുന്നില്ല തന്റെ പെങ്ങളെ കുടയിൽ കയറ്റാതിരുന്ന ഗ്രേസിയുടെ നെറ്റിയിൽ കല്ലെറിഞ്ഞുകൊണ്ട് ബേബി തന്നെ അമർഷം അറിയിക്കുന്നു. പോലീസ് പിടിക്കും എന്ന് ഭയന്ന് 11 വയസ്സുകാരനായ തന്റെ കുഞ്ഞു പെങ്ങളോട് മനോഹരമായ ചില്ലു കൈപ്പിടിയിൽ കുരുവിയുടെ രൂപമുള്ള കുടയുമായി വരാം എന്ന വാക്ക് നൽകി നാടുവിടുന്നു. പേരമ്മയുടെ കടുത്ത മർദ്ദനം താങ്ങാൻ ആവാതെ പാവം ലില്ലിയും വീടുവിട്ടിറങ്ങുന്ന ബേബി പട്ടണത്തിലെത്തി അല്ലറ ചില്ലറ ജോലികൾ ഒക്കെ ചെയ്തു കുട വാങ്ങാനുള്ള കാശ് സ്വരൂപിക്കാൻ തുടങ്ങി.

ആ കാശ് കൂടെ ഉണ്ടായിരുന്ന കുട്ടി മോഷ്ടിച്ചു .ബേബി ആ ജോലി ഉപേക്ഷിച്ചു. ഇതിനിടെ വീട് ഒരു ഡോക്ടറും കുടുംബവും രക്ഷപ്പെടുത്തി ഏറ്റെടുത്ത് സ്വന്തം മകളെ പോലെ വളർത്തി ഒരിക്കൽ സഹായിച്ച ഒരു സ്ത്രീ അവനെ സംരക്ഷിക്കാൻ മനസ്സു കാണിച്ചു തന്റെ അനുജനായി അവൾ അവനെ വളർത്തിയ ഡോക്ടറുടെ മകളെയും സംഗീതം പഠിപ്പിച്ചിരുന്നത് സൗദാമിനി ആയിരുന്നു. അങ്ങനെ ഒടുവിൽ ബേബിയും ഒന്നിക്കുന്നു ഒരു ഡോക്ടർ ആകുന്നു തന്റെ അടുത്ത് ചികിത്സയ്ക്കായി എത്തിയ ഒരു യുവതിയെ ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നു അവർ വാഗ്ദാനം ചെയ്ത വലിയ പ്രതിഫലം നിരസിക്കുന്നു പകരം ഒരു കുട തന്നാൽ മതി എന്ന് അവൻ പറയുന്നു ചികിത്സയ്ക്ക് ക്കെത്തിയ ഗ്രേ സിയോടെ ബേബിയുടെ ഒരു മധുര പ്രതികാരമായിരുന്നു അത്. തുടക്കത്തിൽ വായനക്കാരെ സങ്കടപ്പെടുത്തി കരയിക്കുകയും ശുഭപരിവാസാനിയായ സമാപിക്കുകയും ചെയ്യുന്ന മനോഹരമായ കൃതി തന്നെയാണിത് ഗ്രേസിയോട്ബേബി കുടആവശ്യപ്പെടുന്ന ഭാഗമാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗം

Agna Raison. K

# ഒരു
# കുഞ്ഞു താരകം

അങ്ങകലെ നിന്നും താഴേക്കുനോക്കി
കണ്ണീരൊഴുക്കുന്നൊരു കുഞ്ഞുതാരകം
വിങ്ങി പിടയുന്ന മാതാപിതാക്കളെ
കണ്ടു വിതുമ്പി കരഞ്ഞിടുന്നു അവൾ
കണ്ണീരൊഴുക്കി കരഞ്ഞിടുന്നു.
സോദരരോടൊത്തു ഓടികളിച്ചവൾ
പൂത്തുമ്പിയെ പോലെ പാറികളിനടന്നവൾ
ഒരു കുഞ്ഞു പൂവായ് വിരിയുന്നതിൻ മുൻപേ
പുഴു തിന്നു താഴെ വീണ പിടഞ്ഞവൾ
ക്രൂരത പത്തി വിടർത്തി നിന്നാടുമ്പോൾ
വേദനയോടെ പിടഞ്ഞു കരഞ്ഞവൾ
ഒന്നെതിർക്കാൻ പോലുമാകാതെ പിഞ്ചിളം
പൊന്മേനി തല്ലി ചതഞ്ഞു മരിച്ചവൾ
പുഞ്ചിരിക്കുന്ന നിൻ പൊന്മുഖം കണ്ടപ്പോൾ
നെഞ്ചകം പൊട്ടി ചിതറി പോയി.
എന്തിനു പെണ്ണായ് ജനിച്ചു വെന്നോർത്തു ഞാൻ
കുനിയും ശിരസ്സുമായ് നിന്നെങ്കിലും
ക്രൂരത ചെയ്യുവനെകൊല ചെയ്യുവാൻ
പെണ്ണായയെൻ മനം പോലും കൊതിക്കുന്നു
മിന്നി തിളങ്ങുന്ന നക്ഷത്രമായി നീ
കണ്ണീരൊഴുക്കി കരഞ്ഞു നിന്നീടുമ്പോൾ
കൂടെ നിനക്കായ് ഒഴുക്കുവാൻ കഴിവത്
കണ്ണീർ പൂക്കളെ ബാക്കിയുള്ളൂ....
കണ്ണീർ പൂക്കളെ ബാക്കിയുള്ളൂ......

— നീരജ് സന്തോഷ്

# കുസൃതി കൂടാരം

പഞ്ചേന്ദ്രിയങ്ങളിൽ ഒന്ന് നീ കണ്ണേ
നീ എനിക്ക് കാണിച്ചു തന്ന കാഴ്ചവകളിൽ പലതും
എന്നും ഞാൻ ഓർക്കുന്നു സ്നേഹപൂർവ്വം
നീയില്ലെങ്കിൽ ഞാൻ അന്ധനാ വും
കണ്ണേ നീ ഇല്ലെങ്കിൽ ഞാൻ അന്ധനാകും
കണ്ണേ നിനക്ക് സുഖമാണോ
കാഴ്ചകൾ നന്നായി ലഭിക്കുന്നുണ്ടോ
ഇപ്പോൾ എനിക്ക് വലിയ കുഴപ്പമൊന്നുമില്ല
പക്ഷേ ഭാവിയിൽ വരാം കാരണം
നിനക്ക് ടിവി കാണലും ഫോൺ കാണലും കൂടുതലാണല്ലോ
എന്തുകൊണ്ട് ഇങ്ങനെ ചൊല്ലുന്നു കണ്ണേ
ഇതിലൂടെ എല്ലാം മാണല്ലോ നിനക്ക്
കുളിർമയേകുന്ന കാഴ്ചകൾ ലഭിക്കുന്നത്
അതേ നീ പറഞ്ഞത് ശരിയാണ് പക്ഷേ.....

Anugrah

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

























നന്ദി